# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## നന്ദിയുള്ള ഓർമ്മകൾ കൂട്ടായ്മയിലേയ്ക്ക് നയിക്കും: പാപ്പാ ഫ്രാൻസിസ്



സാന്താക്രൂസിലെ സമൂഹബലിയർപ്പണത്തിൽ ബൊളീവിയയിലെ 5-ാമത് ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിന് പാപ്പാ ഫ്രാൻസിസ് തുടക്കം കുറിച്ചു. ബൊളിവിയയിലെ 5-ാം ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് സെപ്റ്റംബർ 16 മുതൽ 20 വരെ തീയതികളിൽ തെക്കൻ ബൊളീവിയിലെ തരീജനഗരത്തിലാണ് നടക്കുന്നതെങ്കിലും പാപ്പായുടെ സന്ദർശനം അവസരമാക്കിക്കൊണ്ട് കോൺഗ്രസിന്റെ ഉദ്ഘാടനം മുൻകൂട്ടി നിർവ്വഹിച്ചതാണ്. സാന്താക്രൂസിലെ ദിവ്യരക്ഷകന്റെ നാമത്തിലുള്ള പാർക്കിലെ സമൂഹ ബലിയർപ്പണത്തിലാണ് പാപ്പാ പിന്നീട് സെപ്റ്റംബറിൽ ആഘോഷിക്കുന്ന ദിവ്യകാരുണ്യകോൺഗ്രസിന്റെ ഉദ്ഘാടനം കുറിച്ചത്. ദിവ്യബലിമദ്ധ്യേ ദിവ്യകാരണ്യം കേന്ദ്രീകരിച്ച് പാപ്പാ സുവിശേഷചിന്തകൾ പങ്കുവച്ചു.

മരുപ്രദേശത്ത് ക്രിസ്തുവിനെ ശ്രവിക്കുവാൻ ആവേശത്തോടെ ഓടിയെത്തിയ വൻ ജനാവലിയെപ്പോലെയാണ്, അവിടത്തെ പാർക്കിൽ വൻസമൂഹം സമ്മേളിച്ചതെന്ന് പാപ്പാ ആമുഖമായി പറഞ്ഞു. ജീവിതയാത്രയിൽ ക്ഷീണിതരാണ നാം മുന്നോട്ടു പോകുവാൻ കെല്പില്ലാതായിത്തീരുന്നു. ചിലപ്പോൾ പ്രത്യാശ അറ്റവരായും മാറുന്നുണ്ട്. പിന്നെ നിരാശയിലും നിപതിക്കുന്നു. ഹൃദയത്തിൽ പ്രത്യാശ അറ്റുപോകുമ്പോൾ നാം നിരാശരാകുകയും, വളരെ മാനുഷികമായും ഭൗതികതാല്പര്യങ്ങൾ മാത്രം ഉള്ളവരായി മാറുകയും ചെയ്യുന്നു. ഭൗമികതാല്പര്യത്തിൽ അല്ലെങ്കിൽ കമ്പോളമനഃസ്ഥിതിയിൽ എന്തും നമുക്ക് വിലപേശാവുന്നതും, വാങ്ങാവുന്നതും മറിച്ചുവില്ക്കാവുന്നതുമാണ്. ഉപയോഗമില്ലാത്തവരെയും ഉപയോഗമില്ലാത്ത വസ്തുക്കളെയും വലിച്ചെറിയുന്നു, അല്ലെങ്കിൽ തള്ളിക്കളയുന്നു. ഇങ്ങനെയുള്ള ചിന്താഗതിയിൽ ചിലർക്കുമാത്രമേ സ്ഥാന മുള്ളൂ. അയോഗ്യരെയും, വൈകല്യമുള്ളവരെയും, പാപികളെയും ബലഹീനരെയും രോഗികളെയും പുറംതള്ളുന്നു. അയോഗ്യരെ വലിച്ചെറിയുന്ന സംസ്ക്കാരം (വലിച്ചെറിയൽ സംസ്കൃതി- (throw-away culture) സമൂഹത്തിൽ വളരുന്നത് ഇങ്ങനെയാണെന്നും വചനപ്രഘോഷണയിൽ പാപ്പാ സമർത്ഥിച്ചു.

സുവിശേഷം സൂചിപ്പിക്കുന്നതുപോലെ (മാർക്ക് 8,1-10) പ്രഭാഷണം കഴിഞ്ഞപ്പോൾ ക്ഷീണിതരായ ജനാവലി പിരിഞ്ഞുപോകുന്നില്ലായിരുന്നു. അവരെ എങ്ങനെയെങ്കിലും പറഞ്ഞയയ്ക്കുവാൻ ശിഷ്യന്മാർ ആവശ്യപ്പെട്ടപ്പോൾ, പറഞ്ഞയയ്ക്കേണ്ട, നിങ്ങൾതന്നെ അവർക്ക് എന്തെങ്കിലും ഭക്ഷിക്കുവാൻ കൊടുക്കുവാനാണ് ക്രിസ്തു ആവശ്യപ്പെട്ടത്. ആരെയും പറഞ്ഞയയ്ക്കേണ്ടതില്ല. ആരും

പരിത്യക്തരാക്കപ്പെടരുത്. നിങ്ങൾതന്നെ അവർക്ക് ഭക്ഷിക്കുവാൻ കൊടുക്കുവിൻ, നിങ്ങൾതന്നെ കൊടുക്കുവിൻ, എന്നാണ് അവിടുന്ന് ശിഷ്യന്മാരോട് ആവശ്യപ്പെടുന്നത്.

1.സുവിശേഷത്തിൽ നാം കാണുന്നത്, ക്രിസ്തു അപ്പവും മീനും എടുത്ത്, വാഴ്ത്തി, ആശീർവദിച്ച് ശിഷ്യന്മാരെ ഏല്പിക്കുന്നതാണ്. എന്നിട്ട് അത് പങ്കുവച്ചു ജനങ്ങൾക്കു നല്കുന്നതിന് അവിടുന്ന് ആവശ്യപ്പെടുന്നു. മനുഷ്യജീവിതങ്ങളെ നാം ഗൗരവപൂർവ്വം കാണണമെന്നും, അവരെ അവഗണിക്കരുത്, മറിച്ച് പരിഗണിക്കണം എന്നുമാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. ഇതിന്റെ പ്രായോഗികവശമാണ് പങ്കുവയ്ക്കലെന്ന് പാപ്പാ പ്രബോധിപ്പിക്കുന്നത്. പാവങ്ങൾക്കും പരിത്യക്തരായവർക്കും, നിങ്ങൾതന്നെ നല്കുക, നിങ്ങൾ അവരെയും ഉൾക്കൊള്ളുക എന്നാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. അവിടുന്ന് ആശീർവദിച്ച് അവർക്ക് അപ്പം നൽകിയതുപോലെ, ആദരവോടെ, പ്രാർത്ഥനാപൂർവ്വം നാം പാവങ്ങളെ മാനിക്കണമെന്നും, ഉള്ളത് അവരുമായി പങ്കുവയ്ക്കണമെന്നുമാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നതെന്ന്, സുവിശേഷത്തെ ആധാരമാക്കി പാപ്പാ ആഹ്വാനം ചെയ്തു.

എടുക്കുക: ക്രിസ്തു അപ്പം എടുത്തു. എടുക്കുക എന്ന ക്രിയ നന്മയുടെ അല്ലെങ്കിൽ സത്പ്രവൃത്തിയുടെ ആരംഭമാണ്. ജീവിതത്തിൽ ചെയ്തുതുടങ്ങാവുന്ന ചെറുനന്മയുടെ നാന്ദിയാണ് 'എടുത്തു...' എന്ന സുവിശേഷത്തിലെ പദപ്രയോഗം വെളിപ്പെടുത്തുന്നതെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. ആ വാക്കിൽ ജനങ്ങളുടെ ഹൃദയവ്യഥയുടെയും വിചാരങ്ങളുടെയും ഓർമ്മയാണ്. വസ്തുവകകളെക്കുറിച്ചോ, മറ്റുകാര്യങ്ങളെക്കുറിച്ചോ ഉള്ള ആശങ്കയല്ല, മറിച്ച് ജനങ്ങളെക്കുറിച്ചുള്ള ഓർമ്മയാണ് പ്രവൃത്തിയിലേയ്ക്ക് അവിടുത്തെ നയിക്കുന്നത്.

2.പിന്നെ അവിടുന്ന് ആശീർവദിച്ചു. വാഴ്ത്തുക, പുകഴ്ത്തുക...എന്നാൽ ദൈവത്തെയാണ് നാം പുകഴ്ത്തുന്നത്, വാഴ്ത്തുന്നത്. ക്രിസ്തു പിതാവിനെ സ്തുതിച്ചുകൊണ്ടാണ് എല്ലാ പ്രവൃത്തികൾക്കും തുടക്കം കുറിക്കുന്നത്. അവിടുന്ന് ഒന്നിനെയും വസ്തുക്കളായി കാണുകയോ, ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നില്ല. ദൈവം അവിടുത്തെ കാരുണ്യത്തിൽ നല്കിയ ദാനങ്ങളാണ് അവയെല്ലാം. അതുകൊണ്ടുതന്നെ അവയ്ക്ക് പ്രത്യേക മൂല്യമുണ്ട്. വാഴ്ത്തുന്നതിൽ നന്ദിപ്രകടനവും, രൂപാന്തരീകരണവും-നന്ദിയും രൂപാന്തരികരണശക്തിയും- ഉൾച്ചേർന്നിരിക്കുന്നു. ദൈവജനത്തിന്റെ ഉത്തരവാദിത്തമാണ്, മറ്റുള്ളവരിലേയ്ക്കും പകർന്നു നല്കുന്ന നന്ദിയുടെയും രൂപാന്തരീകരണശക്തിയുടെയും ഉൾക്കാഴ്ച ഉണ്ടായിരിക്കുക എന്നത്. ജീവിതങ്ങൾ നന്ദിയോടെ ദൈവസന്നിധിയിൽ വാഴ്ത്തുവാൻ സാധിച്ചാൽ, അത് രൂപാന്തരപ്പെട്ടും നന്മയായി പരിവർത്തനം ചെയ്യപ്പെട്ടും. ദൈവത്തിന്റെ കൈകളിൽ അത് വർദ്ധിക്കും, പെരുകി വർദ്ധിക്കുന്ന, മെച്ചപ്പെടുന്ന, നവീകരിക്കപ്പെടുന്ന രൂപാന്തരീകരണം യാഥാർത്ഥ്യമാകുന്നത് ദൈവകരങ്ങളിലാണ് എന്നുവേണം മനസ്സിലാക്കുവാൻ.

3.പിന്നെ നൽകുന്നു: നൽകുന്നതെല്ലാം ആശീർവ്വാദമാണ്. അതുപോലെ ആശീർവ്വാദവും നല്കലാണ്, അത് ദാനമാണ്. അങ്ങനെ ആശീർവാദം ഒരു ജീവിതദൗത്യമാണ്. നാം സ്വീകരിച്ചിട്ടുള്ള ദാനങ്ങളിൽനിന്നാണ്, കഴിവുകളിൽനിന്നാണ് നല്കുന്നത്. നല്കുന്നതിൽനിന്നും, പങ്കുവയ്ക്കുന്നതിൽനിന്നുമാണ് നമുക്ക് യഥാർത്ഥസന്തോഷം ലഭിക്കുന്നത്. ദൈവികനന്മകളുടെ നന്ദിയുള്ള ഓർമ്മയും അതിന്റെ പങ്കുവയ്ക്കലുമാണ് മറ്റുള്ളവർക്കും രക്ഷയുടെ ആനന്ദം ലഭിക്കുവാൻ ഇടയാക്കുന്നത്. ആശീർവ്വദിക്കുവാൻ ഉയർത്തുന്ന കരങ്ങൾക്കാണ് മനുഷ്യർക്ക് നന്മചെയ്യുവാനാകുന്നത്.

ദിവ്യകാരുണ്യം സ്നേഹത്താൽ മുറിക്കപ്പെട്ട ലോകത്തിന്റെ ജീവനുവേണ്ടിയുള്ള അപ്പമാണ് സൂചിപ്പിക്കുന്നത്. ബൊളീവിയയിലെ അഞ്ചാമത് ദിവ്യകാരുണ്യസമ്മേളനത്തിന്റെ ആപ്തവാക്യമാണിത്. ദിവ്യകാരുണ്യം കൂട്ടായ്മയുടെ കൂദാശയാണ്. സ്വാർത്ഥതയിൽനിന്നും നമ്മെ സ്വതന്ത്രമാക്കി കൂട്ടായ്മയിലേയ്ക്കും ഒരുമയിലേയ്ക്കും അതു നയിക്കുന്നു. ദൈവജനത്തിന്റെ കൂട്ടായ്മയുടെ ഓർമ്മയും, കൂട്ടായ്മയുടെ കൂദാശയുടെ ഓർമ്മയുമാണ് ലോകത്തെ മുന്നോട്ടു നയിക്കേണ്ടത് എന്ന ചിന്തയോടെയാണ് പാപ്പാ വചനചിന്തകൾ ഉപസംഹരിച്ചത്.